## സർക്കുലർ

400 /NSS/DHSE/2017 01 /12/2017

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ സപ്തദിന ക്യാമ്പിൽ സ്പെസിഫിക്ക് ഓറിയന്റേഷനിൽ പങ്കെടുക്കാത്ത ഒന്നാം വർഷ വോളണ്ടിയർമാരെ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല. സ്പെസിഫിക്ക് ഓറിയന്റേഷനിൽ പങ്കെടുക്കാത്ത വോളണ്ടിയർമാർക്കായി ഓറിയന്റേഷൻ ജില്ലാതലത്തിലോ പിഎസി തലത്തിലോ ഡിസംബർ 15 ന് മുൻപായി സംഘടിപ്പിക്കേണ്ടതാണ്.

സപ്തദിന ക്യാമ്പുകൾ ഡിസംബർ 23, 24 തീയതികളിൽ ആരംഭിക്കേണ്ടതാണ്. സ്പെഷ്യൽ ക്യാമ്പ് ആരംഭിക്കുന്നതിനു വേണ്ടി പ്രൊപ്പോസൽ നൽകിയ യൂണിറ്റുകൾ എത്രയും വേഗം ക്യാമ്പ് ആരംഭിക്കുന്ന തീയതി എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതാണ്.

രക്തദാതാക്കളുടെ മെഗാ ഡയറക്ടറി ഡിസംബർ മാസത്തിൽ പ്രകാശനം ചെയ്യുന്നതിന് വേണ്ടി എല്ലാ എൻഎസ്എസ് യൂണിറ്റുകളും രക്തദാതാക്കളുടെ വിവരം നിശ്ചിത പെർഫോർമയിൽ MS word (A4 size ) ടൈപ്പ് ചെയ്ത് soft copy പിഎസി അംഗങ്ങൾക്ക് നൽകേണ്ടതാണ്. എൻഎസ്എസ് സെല്ലിലേയ്ക്ക് അയയ്ക്കേണ്ടതില്ല. നൽകാത്ത യൂണിറ്റുകളുടെ വിവരം പിഎസി അംഗങ്ങൾ എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതാണ്. പിഎസി അംഗങ്ങൾ ജില്ലാ പ്രോഗ്രാം കൺവീനർക്ക് നൽകേണ്ടതും ജില്ലാ കൺവീനർമാർ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഹാർഡ് ബയന്റ് (സ്പൈറൽ ബയന്റിംഗ് ഒഴിവാക്കണം) ചെയ്തത് എൻഎസ്എസ് സെല്ലിനും soft copy രക്തദാതാക്കളുടെ മെഗാ ഡയറക്ടറിയുടെ കോഡിനേറ്ററായ കോഴിക്കോട് ജില്ലാ കൺവീനറായ ശ്രീ.ശ്രീചിത്തിന് (sreechith.palora@gmail.com) നൽകേണ്ടതുമാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ